LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെട്ട കാട്ടാക്കട, വർക്കല എന്നീ 2 ഇൻസ്പെക്ടറാ ഫീസുകളിലുള്ള ഫുൾടൈം വാച്ചർ, ഓഫീസ് അറ്റന്റന്റ് തസ്തികകളിലേക്ക്, താല്കാലിക നിയമനത്തിന് താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ലീഗൽ മെട്രോളജി കൺട്രോളർ തിരുവനന്തപുരം ജില്ലാ പി.എസ്.സി. ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

മാലിന്യത്തിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ

332 (5057) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽനിന്നും വ്യാവസായികമായി ഉത്പാദിപ്പിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാലിന്യത്തിൽനിന്നും വ്യാവസായികമായി ഉത്പാദിപ്പിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ നിലവിൽ പഠനം നടത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഇത്തരത്തിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുംവിധം രൂപപ്പെടുത്തുന്നതിന് ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ മാലിന്യത്തിൽനിന്നും വ്യാവസായികമായി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുംവിധം രൂപപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ പദ്ധതികൾ വിഭാവനം ചെയ്തിട്ടില്ല.

(സി) ഇലക്ട്രോണിക് വേസ്റ്റ് ഉപയോഗിച്ച് പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന്റെ സാങ്കേതികത പഠന വിധേയമാക്കുമോ; വ്യക്തമാക്കുമോ?

സുരക്ഷിതമായ സംസ്കരണം നടത്തുന്നതിലേക്കായി ഇലക്ട്രോണിക് മാലിന്യ ശേഖരണം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് തദ്ദേശസ്വയം ഭരണവകുപ്പിനു കീഴിലുള്ള ക്ലീൻ കേരള കമ്പനിയെയാണ്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സ്ഥാപനമായ Centre for Materials for Electronics Technology (CMET)-യുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനി ആവശ്യമായ നിർദ്ദേശങ്ങൾ തേടാറുണ്ട്. ഇലക്ട്രോണിക് വേസ്റ്റ് ഉപയോഗിച്ച് പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന്റെ സാങ്കേതികത സംബന്ധിച്ച് CMET-യുമായി സഹകരിച്ച് പഠനം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.